# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2087

18.06.2013- ലെ മറുപടിക്ക്

**<u>കുടിശ്ശിക ഇളവ് ചെയ്യുന്നതിന് നടപടി</u>**

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** |
|---|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങളുടേയും ബാങ്കുകളുടേയും കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാനത്തെ സഹകരണ ബാങ്ക്/സംഘങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാർക്ക് പരമാവധി ആശ്വാസം നൽകുന്നതിനും ലക്ഷ്യമാക്കിയാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. |
| സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;<br><br>ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ? | സി) യും ഡി) യും | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശിക വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി 2012 ജൂലൈ ഒന്നു മുതൽ ആഗസ്റ്റ് 31 വരെയുള്ള 62 ദിവസ കാലയളവിൽ ആശ്വാസ് 2012 കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിരുന്നു. 'കുടിശ്ശിക രഹിതവായ്പാ സംഘങ്ങൾ' എന്ന ഉദ്ദേശ്യ ലക്ഷ്യം മുൻനിർത്തിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സംസ്ഥാനത്തെ സഹകരണ ബാങ്ക്/സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള കാർഷിക വായ്പകളിൽ 15.03.2013 വരെ കൊടുത്തു തീർക്കുവാൻ ബാക്കിനിൽക്കുന്ന പലിശ മുഴുവൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്ന നിലയിൽ മുതൽ അടയ്ക്കുന്ന മുറയ്ക്ക് എഴുതിതള്ളുന്നതുമാണ്. കൂടാതെ 'സർഫാസി' നിയമത്തിലെ വ്യവസ്ഥകൾ മാതൃകയാക്കി സഹകരണ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനുള്ള പദ്ധതിക്കും രൂപം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

4